പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ്

88 [806] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നാൽപ്പത്തിനാല് നദികളും ഏഴ് ശുദ്ധജലതടാകങ്ങളും നൂറ്കണക്കിന് കുളങ്ങളും ഉള്ള കേരളത്തിൽ ജലവിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജന പ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് എന്തെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ അവയെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അഞ്ച് സെന്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ ഈ നിയമ ത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുവാനും അവർക്ക് വേണമെങ്കിൽ മാത്രം ഈ പദ്ധതി നടപ്പാക്കുവാൻ അനുവാദം നൽകിക്കൊണ്ടും ഉത്തരവ് ഭേദഗതി ചെയ്യുമോ?

ഉത്തരം

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധക മാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണ സംവിധാനം ബാധകമാക്കിക്കൊണ്ട് 2004 ജനുവരി 12-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി, സി) സംസ്ഥാനത്തെ ജലവിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജന പ്പെടുത്തി ധനലഭ്യതയ്ക്ക് വിധേയമായി കുടിവെള്ള വിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്നിവ വഴി ആവിഷ്ക്കരിച്ചു നടപ്പാക്കി വരികയാണ്. കേരള വാട്ടർ അതോറിറ്റി യുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജലവിതരണ പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായ ത്തുകൾക്ക് കൈമാറാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 200 ചതുരശ്ര മീറ്ററിൽ (ഉദ്ദേശം 4.9 സെന്റ്) താഴെ വിസ്തീർണ്ണമുള്ള പ്ലോട്ടുകളിലെ വാസഗൃഹങ്ങൾക്ക് ഈ സംവിധാനം നിഷ്ക്കർഷിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly